"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

**വിനോദസഞ്ചാരം**-കേരള ആരോഗ്യ -ശാസ്ത്ര സർവകലാശാല യൂണിയൻ 2023-24 സൗത്ത് സോൺ യുവജനോത്സവം -2024 സെപ്റ്റംബർ 27,28,29,30-കലിക-പരസ്യം -അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.192/2025/TSM തീയതി,തിരുവനന്തപുരം, 30-03-2025

---

പരാമർശം:-
1. കേരള ആരോഗ്യ -ശാസ്ത്ര സർവകലാശാല യൂണിയൻ ചെയർമാൻ സമർപ്പിച്ച അപേക്ഷ
2. 03.01.2025 തീയതിയിലെ വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ DOT/4964/2024-M1 നം കത്ത്

**ഉത്തരവ്**

കേരള ആരോഗ്യ-ശാസ്ത്ര സർവകലാശാല യൂണിയൻ 2023-24 സൗത്ത് സോൺ യുവജനോത്സവം **2024 സെപ്റ്റംബർ 27,28,29,30** തീയതികളിലായി ആലപ്പുഴ ഗവൺമെൻറ് മെഡിക്കൽ കോളേജിൽ വച്ച് "**കലിക**" എന്ന പേരിൽ സംഘടിപ്പിക്കുന്നു എന്നും പരിപാടിയുടെ വിജയകരമായ സംഘടനത്തിനായി ടൂറിസം വകുപ്പിൽ നിന്നും പരസ്യം നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് സർവകലാശാല യൂണിയൻ ഭാരവാഹികൾ പാരമർശം(1) പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

2. 2024 സെപ്റ്റംബർ 27,28,29,30 തീയതികളിലായി ആലപ്പുഴ ഗവ ടിഡി മെഡിക്കൽ കോളജിൽ വച്ച് സംഘടിപ്പിച്ച കേരള ആരോഗ്യ ശാസ്ത്ര സർവകലാശാല യൂണിയൻ 2023-24 സത്ത് സോൺ യുവജനോത്സവ പരിപാടിയിൽ ടൂറിസം വകുപ്പിന്റെ പരസ്യം ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ആയതിൻറെ പകർപ്പ് സംഘാടകർ ഹാജരാക്കിയിട്ടുണ്ടെന്നും പരാമർശം(2) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള ആരോഗ്യ-ശാസ്ത്ര സർവകലാശാല യൂണിയൻ 2023-24, "കലിക" എന്ന പേരിൽ 2024 സെപ്റ്റംബർ 27,28,29,30 തീയതികളിലായി ആലപ്പുഴ ഗവൺമെൻറ് മെഡിക്കൽ കോളേജിൽ വച്ച് സംഘടിപ്പിച്ച സൗത്ത് സോൺ യുവജനോത്സവുമായി ബന്ധപ്പെട്ട് പരസ്യയിനത്തിൽ 3452-80-104-98-00-34-03-പിവി മാർക്കറ്റിംഗ് എന്ന ശീർഷകത്തിൽ നിന്നും ₹50,000/-(അൻപതിനായിരം രൂപ മാത്രം) അനുവദിക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. ധനസഹായമായി അനുവദിച്ച തുകയുടെ ഓഡിറ്റ് ചെയ്ത വിനിയോഗ സർട്ടിഫിക്കറ്റ് , കേരള ആരോഗ്യ -ശാസ്ത്ര സർവകലാശാല യൂണിയൻ ഭാരവാഹികൾ, തുക കൈപ്പറ്റിയ തീയതി മുതൽ മൂന്ന് മാസത്തിനകം, വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതും, ആയതിന്റെ ആധികാരികത , വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ. വിനോദസഞ്ചാര വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജൻറൽ(ആഡിറ്റ് I & II), കേരള, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Archana T
Date: 01-04-2025 10:58:37
സെക്ഷൻ ഓഫീസർ

പകർപ്പ്
1.ബഹു വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
2.വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എ-യ്ക്ക്
3.വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്